(iii) മര–ലോഹപ്പണികൾ

മധ്യപൗരസ്ത്യ ദേശം ഇന്നത്തെക്കാൾ വന നിബിഡമായിരുന്നു മധ്യകാലഘട്ടത്തിൽ. അർസൂഫ് വനത്തിൽ വച്ചാണ് സ്വലാഹുദ്ദീനിൽ അയ്യൂബി സിംഹ ഹൃദയനായ റിച്ചാർഡിനെ നേരിട്ടത്. തുർകി, വടക്കൻ സിറിയ, വടക്കൻ പേർഷ്യ എന്നിവിടങ്ങളിൽ വീടുകൾ പണിതിരുന്നത് മരംകൊണ്ടായിരുന്നു. അറേബ്യ, ഈജിപ്ത്, ഉത്തരാഫ്രിക്ക എന്നിവിടങ്ങളിൽ ആവശ്യത്തിന് മരം ഉണ്ടായിരുന്നില്ലെങ്കിലും ഇന്ത്യയിൽനിന്നും സുഡാനിൽനിന്നും ധാരാളം മരം ഇറക്കുമതി ചെയ്തിരുന്നു. പേർഷ്യയിലെ സീറാഫ് തീരപ്രദേശത്തെ മിക്ക വീടുകളും മലബാറിൽ നിന്ന് ഇറക്കുമതി ചെയ്ത തേക്കുകൊണ്ട് നിർമിച്ചവയായിരുന്നു എന്ന് സമീപകാല ഉത്ഖനനങ്ങൾ തെളിയിക്കുന്നു. സാമർറായിലെ അബ്ബാസീ കൊട്ടാരങ്ങളിൽ ധാരാളം തേക്ക് ഉപയോഗിച്ചതായി കാണാം.

മരം ദുർലഭവും വില പിടിച്ചതുമാകയാൽ മരത്തിൻമേൽ മുന്തിയ അലങ്കാരപ്പണികൾ ചെയ്യാൻ മുസ്‌ലിം ആശാരിമാർ ഉത്സാഹിച്ചിരുന്നു. പലതരം ആരങ്ങളും കൊത്തുപണികളുംകൊണ്ട് അവർ മര ഉരുപ്പടികളെ കലാമേന്മയുള്ളതാക്കി. കൊത്തുപണികൾക്കു താഴെ ആശാരിമാർ ഒപ്പുവച്ചിരുന്നു. കൊത്തുപണികളിൽ ചെറിയ ചീളുകൾ പതിക്കുന്ന സമ്പ്രദായം (**Inlay**) ഇറാനികളാണ് തുടങ്ങിവച്ചത്. ഇതോടൊപ്പം സങ്കീർണമായ പല ജ്യാമിതീയ രൂപങ്ങളും കൊത്തിയുണ്ടാക്കുന്നതിലും അവർ വൈദഗ്ധ്യം തെളിയിച്ചു. നക്ഷത്രങ്ങളും ബഹുഭുജാലങ്കാരങ്ങളും കൊത്തുന്നതിലായിരുന്നു ഈജിപ്ഷ്യൻ ആശാരിമാരുടെ വൈദഗ്ധ്യം. അവയിൽ ദന്തം പതിക്കുകയും ചെയ്തു അവർ. മരം കൊണ്ട് കലാഭംഗിയുള്ള സ്ക്രീനുകളും അവർ ഉണ്ടാക്കിയിരുന്നു. റോബർട്ട് ഇർവിൻ എഴുതുന്നു: ''പൊതുവേ, മുസ്‌ലിം മരപ്പണിക്കാരായിരുന്നു ക്രിസ്ത്യൻ യൂറോപ്പിലെ മരപ്പണിക്കാരെക്കാൾ മികച്ചവർ. 14–ാം നൂറ്റാണ്ടിൽ അവിഗ്നണിലെ മാർപ്പാപ്പമാരുടെ അരമനകളുടെ സീലിംഗ് കൊത്തുവേലകൾ ചെയ്യാൻ മുസ്‌ലിം ആശാരിമാരെ വിളിച്ചുകൊണ്ടുപോയത് ഇതിനുദാഹരണമാണ്.''

ലോഹങ്ങളിന്മേലുള്ള ചിത്രാലങ്കാര വേലകൾക്കും മുസ്‌ലിംലോകത്ത് വലിയ പ്രാധാന്യം കല്പിക്കപ്പെട്ടിരുന്നു. വടക്കൻ ഇറാനിലാണ് ഈ കല അഭിവൃദ്ധി പ്രാപിച്ചത്. ഹിറാ ഒരു പ്രധാന ലോഹപ്പണി കേന്ദ്രമായിരുന്നു. മൗസ്വിൽ ആയിരുന്നു 13–ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ലോഹപ്പണിക്ക് കേളികേട്ട മറ്റൊരു പ്രദേശം. ചെമ്പ്, വെള്ളി, സ്വർണം എന്നീ ലോഹങ്ങളിലാണ് ഈ കലാകാരന്മാർ ചിത്രപ്പണികൾ ചെയ്തിരുന്നത്. ഈൽഖാൻ, തിമൂർ ഭരണ വംശങ്ങളുടെ കാലത്ത് ഇറാനിലും അഫ്ഗാനിസ്താനിലും വെള്ളിയിലും സ്വർണത്തിലുമുള്ള അലങ്കാരപ്പണികൾക്ക് അഭിവൃദ്ധി കൈവന്നു. ഓട്, ടിൻ തുടങ്ങിയ ലോഹങ്ങളുടെ തകിടുകളിൽ സ്വർണംകൊണ്ടും വെള്ളികൊണ്ടും വിശുദ്ധ വാക്യങ്ങൾ കലാപരമായി ആലേഖനം ചെയ്യുക ഈ കലാകാരന്മാരുടെ സൗന്ദര്യാവിഷ്കാര മാർഗമായിരുന്നു. അൽജസ്‌രി, ഇബ്നുൽഹൈഥം തുടങ്ങിയ ഗ്രന്ഥകാരന്മാർ ലോഹാലങ്കാരങ്ങളുടെ വിവിധ വശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

കൊത്തുപണികളുള്ള ലോഹ പാത്രങ്ങൾക്ക് ഇറാനിലും സിറിയയിലും നല്ല പ്രചാരമുണ്ടായിരുന്നുവെന്ന് മധ്യകാല സഞ്ചാരികളുടെ യാത്രാവിവരണങ്ങളിൽ കാണാം. എന്നാൽ സ്വർണം, വെള്ളി പാത്രങ്ങളിൽ ഭക്ഷണം കഴിക്കുന്നതും കുടിക്കുന്നതും ഇസ്‌ലാം കർശനമായി വിലക്കിയിരുന്നതിനാൽ അത്തരം പാത്രങ്ങൾ അലങ്കാരത്തിനു വേണ്ടി മാത്രമാണ് പൊതുവേ ഉപയോഗിച്ചിരുന്നത്. മറ്റു ലോഹങ്ങൾകൊണ്ടുള്ള തളികകൾ മാത്രമേ വിശ്വാസികൾ സദ്യകളിൽ നിരത്തിയിരുന്നുള്ളൂ. ലോഹങ്ങൾകൊണ്ട് വിളക്കുകളും അലങ്കാര ദീപങ്ങളും മെഴുകുതിരിത്തട്ടുകളും ജല സംഭരണികളും നിർമിച്ചിരുന്നു.